# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2923 — 20.03.2015-ൽ മറുപടിയ്ക്ക്

## നഗര റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, ആർ.സെൽവരാജ്<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) ഉന്നത ഗുണനിലവാരവും ഈടുള്ളതുമായ റോഡുകൾ, വാഹനയാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യവും ഉറപ്പാക്കുന്ന ഓട് പാകിയ നടപ്പാതകൾ, ഉന്നത നിലവാരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, സൗന്ദര്യ വൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ബി.ഒ.റ്റി-ആന്വിറ്റി വ്യവസ്ഥയിലാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പദ്ധതിക്കാവശ്യമായ പണം സമാഹരിക്കുന്നത് പദ്ധതിയുടെ കൺസഷണർ ആണ്. ഇതുമൂലം സർക്കാരിന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭാരിച്ച തുക ആദ്യമേ വഹിക്കേണ്ടി വരുന്നില്ല. പദ്ധതി പൂർത്തിയാക്കിയ ശേഷം വാർഷിക ആന്വിറ്റി വഴി മുടക്കിയ തുക കൺസഷണർക്ക് തിരികെ നൽകുന്നതാണ്. |
| (ഡി) എല്ലാ നഗരങ്ങളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മിക്കവാറും പൂർത്തിയായി വരുന്നു. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 6 റോഡുകൾ വികസിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, മലപ്പുറം നഗര റോഡു വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗര റോഡു വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ